"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. **ഡിഎ1/302/2025-തസ്വഭവ**

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 14-08-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങൾ വയോജനങ്ങളുടെ ക്ഷേമത്തിനായി വകയിരുത്തുന്ന വിഹിതം കൃത്യമായും ഉപയോഗപ്പെടുത്തുന്നുണ്ട് എന്നത് ഉറപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022

**********************

ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും തങ്ങളുടെ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണമെന്നത് സൂചിത മാർഗ്ഗരേഖകൾ പ്രകാരം നിർബന്ധിത വ്യവസ്ഥയാണ്. എന്നിരുന്നാലും ചില തദ്ദേശ സ്ഥാപനങ്ങൾ അപ്രകാരം മതിയായ തുക വകയിരുത്തുന്നില്ലെന്നും, വകയിരുത്തിയ തുക വയോജന ക്ഷേമത്തിനായി ഉപയോഗിക്കാതെ വകമാറ്റി ചെലവഴിക്കുന്നുവെന്നുമുള്ള ആക്ഷേപങ്ങൾ കൂടുതലായി കണ്ടുവരുന്നുണ്ട്.

മേൽ സാഹചര്യത്തിൽ സൂചിത മാർഗ്ഗരേഖകളുടെ ഖണ്ഡിക 5.4.1 പ്രകാരം പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനുമായി വകയിരുത്തുന്നുണ്ട് എന്ന് വാർഷിക പദ്ധതി തയ്യാറാക്കുന്ന വേളയിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഉറപ്പുവരുത്തേണ്ടതാണ് എന്ന് നിർദ്ദേശം നൽകുന്നു. ഇപ്രകാരം തുക വകയിരുത്തിയിട്ടുണ്ടെന്നും, അത് കൃത്യമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്നും, വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്ന സമയത്ത് വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കുമായി മേൽ പ്രകാരം വകയിരുത്തിയ തുക മറ്റ് പ്രൊജക്ടുകൾക്കായി വക മാറ്റുന്നില്ല എന്ന് ഉറപ്പാക്കുന്നതിനും ജില്ലാ ആസൂത്രണ സമിതികൾ നടപടി സ്വീകരിക്കേണ്ടതാണ്.

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 14-08-2025 14:27:45

സെക്ഷൻ ഓഫീസർ